പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1439

16/03/2015 -ൽ
മറുപടിയ്ക്ക്

## ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.വി.രാജേഷ് | | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയുന്നു.<br>പഞ്ചായത്തിന്റെ ഭൂ വിസ്തൃതിയുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 600 മീറ്റർ കോണ്ടൂറിന് മുകളിൽ വരുന്നവയായിരിക്കണം. അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതായിരിക്കണം |
| (ബി) | സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ ടി ഏജൻസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ബി) | സംസ്ഥാനത്തെ 561 ഗ്രാമ പഞ്ചായത്തുകളെയും 2 മുനിസിപ്പാലിറ്റികളെയുമാണ് ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫണ്ടിന്റെ അപര്യപ്തതമൂലം വിസ്തൃതിയുടെ 25% എങ്കിലും ഭൂപ്രദേശം 800 മീറ്ററിന് മുകളിൽ വരുന്നതോ അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി<br>ഒന്നാംഘട്ട പ്രവർത്തനം പരിമിതപ്പെടുത്തുന്നതിന് ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസിയുടെ ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി. ഇത്തരത്തിലുള്ള 153 ഗ്രാമ പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായിട്ടാണ് ഹിൽ ഏരിയ |

ഡെവലപ്പമെന്റ് ഏജൻസി വഴിയുള്ള വികസന പ്രവർത്തനങ്ങൾ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിവരുന്നത്. കണ്ണൂർ ജില്ലയിൽ നിന്ന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളുടെ വിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| 1. കണിച്ചാർ | 2. കേളകം |
| 3. കൊട്ടിയൂർ | 4. അയ്യൻകുന്ന് |
| 5. ആറളം | 6. പയ്യാവൂർ |
| 7. ഉളിക്കൽ | 8. ശ്രീകണ്ഠാപുരം |
| 9. ഇരിക്കൂർ | 10. നടുവിൽ |
| 11. ആലക്കോട് | 12. ഉദയഗിരി |
| 13. എരുവേശ്ശി | 14.ചെങ്ങളായി |
| 15 ചപ്പാരപ്പടവു | 16. ചെറുപുഴ |
| 17. കൂത്തുപറമ്പ് | 18. പാട്യം |

(സി) ടി ഏജൻസിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) ടി ഏജൻസിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന തരത്തിലുള്ള വികസനപ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

1. ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മാണം
2. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികൾ
3. ഗ്രാമീണ മലയോര റോഡുകളുടെ പുനരുദ്ധാരണം
4.സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതികൾ
5. പഴം പച്ചക്കറി വികസന പദ്ധതി
6. സമഗ്ര കൃഷി വികസനത്തിനുള്ള പ്രത്യേക പ്രോജക്ടുകൾ (2014-15-ൽ മാത്രം)
7. കുളങ്ങളുടെ നവീകരണം
8. പരിസ്ഥിതി വിഭവ പരിപാലന പ്രവൃത്തികൾ
9. നബാർഡിന്റെ ഫണ്ട് വിനിയോഗിച്ചുള്ള (ആർ.ഐ.ഡി.എഫ്) പ്രവൃത്തികൾ

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ് ബ്ലോക്കിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിനെ എച്ച്.എ.ഡി.എ.യിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(ഡി) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന 561 ഗ്രാമ പഞ്ചായത്തുകളിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ ബ്ലോക്കിലെ കടന്നപ്പള്ളി- പാണപ്പുഴ ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. അതിനാൽ പ്രസ്തുത ഗ്രാമ പഞ്ചായത്തിനെ നിലവിൽ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

Bijumon

സെക്ഷൻ ഓഫീസർ